കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പാട്യം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് 2016-17

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.8/1309/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

തീയ്യതി : 25-08-2017.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തരം),
പാട്യം ഗ്രാമ പഞ്ചായത്ത്.

സർ,

| | | |
|---|---|---|
| വിഷയം | : | പാട്യം ഗ്രാമ പഞ്ചായത്ത്-2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച് |

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാട്യം ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത്രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക].

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

<u>പകർപ്പ്:</u>

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഇ-മെയിൽ)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (ഉപരിപത്രം സഹിതം)
3. കാര്യാലയ പ്രതി.

നം.കെ.എസ്.എ/കെ.എൻ.ആർ/സി.8/1309/2017.

തീയ്യതി : 25-08-2017.

കണ്ണൂർ ജില്ലയിലെ പാട്യം ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ

വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരളാ പഞ്ചായത്ത്‌രാജ് നിയമം വകുപ്പ് 215 (4), 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).*

ആമുഖം

പാട്യം ഗ്രാമപഞ്ചായത്ത് 01-01-2017 മുതൽ 19-07-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പാർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം:

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ.അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ |

..

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 20-07-2017 മുതൽ | ശ്രീ.സി.വി.ജ്യോതിഷ്കുമാർ | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ഉഷ എ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| 26-07-2017 വരെ | | |
| | ശ്രീമതി. വിപിന വൽസരാജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ജഗദീഷ്ചന്ദ്ര പി.വി. | ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ:

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.വി. ബാലൻ മാസ്റ്റർ | 01-04-2016 മുതൽ 31-03-2017 വരെ |
| സെക്രട്ടറി | ശ്രീ.പി. രവീന്ദ്രൻ | 01-04-2016 മുതൽ 14-04-2016 വരെ<br>26-04-2016 മുതൽ 24-05-2016 വരെ<br>17-06-2016 മുതൽ 01-12-2016 വരെ |
| | ശ്രീമതി. ഉഷ എം.<br>അസിസ്റ്റന്റ് സെക്രട്ടറി -ചാർജ് | 15-04-2016 മുതൽ 25-04-2016 വരെ<br>25-05-2016 മുതൽ 16-06-2016 വരെ<br>02-12-2016 മുതൽ 13-01-2016 FN വരെ |
| | ശ്രീ. പ്രദീപ് കെ. | 13-01-2017 AN മുതൽ 31-03-2017 വരെ |

സി) നിർവ്വഹണ ഉദ്യോഗസ്ഥർ:

| | | |
|---|---|---|
| അസിസ്റ്റന്റ്എഞ്ചിനീയർ | ശ്രീ.പ്രണാം. കെ.ടി. | 01-04-2016 മുതൽ<br>31-03-2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.പ്രമോദ്. എസ്. | 01-04-2016 മുതൽ<br>31-03-2017 വരെ |
| വി.ഇ.ഒ. പാട്യം | ശ്രീ. സന്തോഷ് മമ്മാലി. | 01-04-2016 മുതൽ<br>31-03-2017 വരെ |
| വി.ഇ.ഒ. ചെറുവാഞ്ചേരി | ശ്രീമതി.രേഷ്മ രവീന്ദ്രൻ | 01-04-2016 മുതൽ<br>31-03-2017 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.ആശാലത. പി.വി. | 01-04-2016 മുതൽ<br>31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ.ഷിജിൽ ജോസഫ്. | 01-04-2016 മുതൽ<br>31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ (GAD) | ഡോ. ഡിജോ ജോസ്. | 01-04-2016 മുതൽ<br>31-03-2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. പ്രദോഷ് കുമാർ | 01-04-2016 മുതൽ<br>07-04-2016 വരെ |
| | ഡോ.ഗവോൻ കർസാഗർ ഗജാനൻ | 08-04-2016 മുതൽ<br>31-03-2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ഉഷ. എം. | 01-04-2016 മുതൽ<br>31-03-2017 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.രാജൻ. ടി.പി. | 01-04-2016 മുതൽ |

| | | |
|---|---|---|
| | | 31-03-2017 വരെ |

ഉള്ളടക്കം



| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം – 1 - പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| 11 | സംയുക്ത പ്രോജക്റ്റുകൾക്കൾക്കായും വിവിധ ഗ്രാന്റുകൾ മുഖേനയായും ലഭിക്കുന്ന തുകകൾ മുഴുവനായി വിനിയോഗിക്കപ്പെടുന്നില്ല | 1-11 | |
| 12 | ഗ്രാമസഭ | 1-12 | |
| ഭാഗം - 2 - വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |

| | | | |
|---|---|---|---|
| 13 | വസ്തുനികുതി കുടിശ്ശിക ₹12,17,071 | 2-1 | |
| 14 | വസ്തുനികുതി –രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 2-2 | |
| 15 | തൊഴിൽ നികുതി റിട്ടേണിൽ വരുമാനം കാണിക്കുന്നില്ല | 2-3 | |
| 16 | ഡി & ഒ ലൈസൻസ് അപാകങ്ങൾ | 2-4 | |
| 17 | പരസ്യനികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 2-5 | |
| 18 | സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല | 2-6 | |
| ഭാഗം –3 - ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 19 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കുട, ബാഗ്, നോട്ട് ബുക്ക് മുതലായവ നൽകലിലെ അപാകങ്ങൾ – ₹55,805 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-1 | |
| 20 | പച്ചക്കറി വിത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹20,700 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-2 | |
| 21 | നെൽ വിത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹18,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-3 | |
| 22 | അലോപ്പതി/ഹോമിയോ മരുന്നുകൾ ഇതു വരെയും ലഭിച്ചിട്ടില്ല | 3-4 | |
| 23 | തെരുവു നായകളുടെ പ്രജനന നിയന്ത്രണം – വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 3-5 | |

| | | | |
|---|---|---|---|
| 24 | IAY ബ്ലോക്ക് പഞ്ചായത്തിന് അധിക വിഹിതം നൽകൽ (പട്ടിക ജാതി) വിനിയോഗവിവരം ലഭ്യമായിട്ടില്ല | 3-6 | |
| 25 | ജവഹർ ഭവന പദ്ധതി-ഭവന നിർമാണം പൂർത്തിയാക്കിയില്ല. | 3-7 | |
| 26 | ലൈബ്രറി സെസ്സ് യഥാസമയം ഒടുക്കുന്നില്ല | 3-8 | |
| 27 | എസ്.എസ്.എ വിഹിതം കൈമാറൽ – ഇനം തിരിച്ചുള്ള വിനിയോഗ വിവരം ലഭ്യമായിട്ടില്ല | 3-9 | |
| 28 | സാമൂഹ്യ സുരക്ഷാമിഷന് സംഭാവന - വിനിയോഗ വിവരം ലഭ്യമായിട്ടില്ല | 3-10 | |
| ഭാഗം – 4 - പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 32 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 33 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 34 | ഓഡിറ്റ് റിക്കവറി | 4-6 | |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |

| | | | |
|---|---|---|---|
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| | അനുബന്ധങ്ങൾ | | |
| 38 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 | |
| 39 | റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2 | |
| 40 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-3 | |
| 41 | ബാലൻസ് ഷീറ്റ് | അനുബന്ധം-4 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17-ലെ ബജറ്റ് 27-02-2016-ലെ 50/16-ാം നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 08-02-2017-ലെ 7/17-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിൽ ഉള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാര മുള്ളത് ₹ | പുതുക്കിയ ബജറ്റ് പ്രകാര മുള്ളത് ₹ | വാർഷിക കണക്ക് പ്രകാര മുള്ളത് ₹ | വ്യത്യാസം | | |
|---|---|---|---|---|---|---|
| | | | | കൂടുതൽ | കുറവ് | ശതമാനം (+)/(-) |
| മുന്നിരിപ്പ് | 9303904 | 19904341 | 22157949 | 2253608 | - | (+)11.32 |
| വരവ് | 119651450 | 106678992 | 44829617 | - | 61849375 | (-)57.98 |
| ആകെ | 128955354 | 126583333 | 66987566 | - | 59595767 | (-)47.08 |
| ചെലവ് | 127260978 | 112394059 | 44175489 | - | 68218570 | (-)60.7 |
| നീക്കിയിരിപ്പ് | 1694376 | 14189274 | 22812077 | 8622803 | - | (+)60.76 |

ഗ്രാമപഞ്ചായത്തിന്റെ യഥാർത്ഥ വരവും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് കൂടുതൽ യാഥാർത്ഥ്യബോധ്യത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-07-2017 | 08-06-2017 | തിരിച്ചയച്ചിട്ടില്ല | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റിന്റെ തരം |
|---|---|---|
| 2016-17 | 24-07-2017 | വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം |

വാർഷിക ധനകാര്യ പത്രികയിൽ താഴെ പറയും പ്രകാരം അപാകങ്ങളുണ്ട്.

1. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ B-11 ഷെഡ്യൂൾ പ്രകാരമുള്ള ആസ്തി വിവരത്തിന്റെ കൃത്യത ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല.
2. വസ്തു നികുതി ഡിമാന്റ്, കലക്ഷൻ, ബാലൻസ് തുകകൾ സാംഖ്യ പ്രകാരമുള്ളത് സഞ്ചയയിലേതുമായി പൊരുത്തപ്പെടുന്നില്ല.
3. ഇംപ്രസ്റ്റ് അക്കൌണ്ട് സൂക്ഷിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2016-17 |
|---|---|
| മുന്നിരിപ്പ് | 2,21,57,949 |
| വരവ് | 4,48,29,617 |
| ആകെ | 6,69,87,566 |
| ചെലവ് | 4,41,75,489 |
| നീക്കിയിരിപ്പ് | 2,28,12,077 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി ₹ | തൻവർഷത്തെ അലോട്ട്മെന്റ് തുക ₹ | ആകെ ₹ | ചെലവ് ₹ | ചെലവഴിക്കാത്ത തുക ₹ | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | ഇല്ല | 11393849 | 11393849 | 10240840 | 1153009 | 89.88 |
| വികസന ഫണ്ട് (എസ്.സി.പി) | ഇല്ല | 604803 | 604803 | 597061 | 7742 | 98.72 |
| വികസനഫണ്ട് (ടി.എസ്.പി) | ഇല്ല | 3275400 | 3275400 | 2595452 | 679948 | 79.24 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | ഇല്ല | 4585341 | 4585341 | 3379774 | 1205567 | 73.71 |
| സംരക്ഷണ ഗ്രാന്റ്(റോഡിതരം) | ഇല്ല | 3381744 | 3381744 | 1601308 | 1780436 | 47.35 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | ഇല്ല | 6390182 | 6390182 | 3422160 | 2968022 | 53.55 |
| ലോകബാങ്ക്സഹായം | ഇല്ല | 3346241 | 3346241 | 1442471 | 1903770 | 43.11 |
| ബി. ഫണ്ട് | ഇല്ല | 46547130 | 46547130 | 46547130 | 0 | 100 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 973 | 12402994 | 12403967 | 12394701 | 9266 | 99.93 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ % |
|---|---|---|---|---|---|---|
| 147 | 50507295 | 107 | 31035221 | 4 | 40 | 70.07 |

.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്റ്റുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | 21 | 14 | 7974286 | 4797379 | 60.16 |
| അസിസ്റ്റന്റ് സെക്രട്ടറി | 24 | 21 | 3337303 | 2775257 | 83.16 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 57 | 30 | 21222116 | 9372664 | 44.16 |
| കൃഷി ഓഫീസർ | 6 | 6 | 2287400 | 2094063 | 91.55 |
| മെഡിക്കൽ ഓഫീസർ PHC | 6 | 5 | 1122252 | 975857 | 86.96 |
| മെഡിക്കൽ ഓഫീസർ GAD | 3 | 3 | 755000 | 753180 | 99.76 |
| വെറ്ററിനറി സർജൻ | 4 | 4 | 1505000 | 892500 | 59.3 |
| വി.ഇ.ഒ | 4 | 4 | 6398250 | 3672466 | 57.4 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 2 | 2 | 4089200 | 4045982 | 98.94 |
| ഹെഡ് മാസ്റ്റർ | 12 | 11 | 1816488 | 1655873 | 91.16 |
| ആകെ | 147 | 107 | 50507295 | 31035221 | 61.45 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവുണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3164352 | 3946556 | 782204 | (+)24.72 |
| നികുതിയേതര വരവുകൾ | 809474 | 1532284 | 722810 | (+)89.29 |
| മറ്റ് വരവുകൾ | 21 | 7 | 14 | (-)66.67 |
| ആകെ | 3973847 | 5478847 | 1505000 | (+)37.87 |

## 1-8 ക്ഷേമപദ്ധതികൾ

2016-17 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 89760 | 97 |
| കർഷകതൊഴിലാളി പെൻഷൻ | 3882850 | 409 |
| വിധവാ പെൻഷൻ | 14611310 | 1206 |
| വാർദ്ധക്യകാല പെൻഷൻ | 20987490 | 1773 |
| വികലാംഗ പെൻഷൻ | 3256900 | 338 |
| അവിവാഹിത പെൻഷൻ | 2888820 | 251 |
| വിവാഹ ധനസഹായം | 830000 | 28 |

ഗ്രാമ പഞ്ചായത്ത് തൊഴിൽ രഹിത വേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ അർഹത പുനപ്പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ നാല് ഗുണഭോക്താക്കൾ മാത്രമാണുള്ളത്.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-07-2017-ന് 12 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ₹10,938 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31-08-2009 | 2005-06 | 08-12-2009 |

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28-04-2017 | 01-01-17 മുതൽ 31-03-17 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

## 1-11 സംയുക്ത പ്രോജക്റ്റുകൾക്കായും വിവിധ ഗ്രാന്റുകൾ മുഖേനയായും ലഭിക്കുന്ന തുകകൾ മുഴുവനായി വിനിയോഗിക്കപ്പെടുന്നില്ല.

വാർഷിക കണക്കിനോടനുബന്ധിച്ചുള്ള ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ₹28,34,234 സംയുക്ത പ്രോജക്റ്റുകൾക്കായും വിവിധ ഗ്രാന്റുകൾ മുഖേനയായും അവാർഡ് തുകയായും ഗുണഭോക്തൃ വിഹിതമായും ലഭിച്ച തുകയിനത്തിൽ ചെലവഴിക്കാൻ ബാക്കിയുണ്ട്. ഈ തുകകൾ ചെലവഴിക്കാത്ത പക്ഷം തിരിച്ചടക്കേണ്ടതാണ്.

## 1-12 ഗ്രാമസഭ

കേരളാ പഞ്ചായത്ത്‌രാജ് ആക്റ്റ്, വകുപ്പ് 3 അനുസരിച്ച് മൂന്നു മാസത്തിലൊരിക്കലെങ്കിലും നിർബന്ധമായും ഗ്രാമസഭകൾ സമ്മേളിക്കേണ്ടതുണ്ട്. എന്നാൽ പാട്യം ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് വർഷത്തിൽ രണ്ട് പ്രാവശ്യം (6/2016, 10/2016) മാത്രമാണ് ഗ്രാമസഭ ചേർന്നിട്ടുള്ളത്. ഗ്രാമസഭയിൽ സ്ത്രീ പങ്കാളിത്തം കൂടുതലായുണ്ട്. ക്വാറം തികയുന്നത്ര വോട്ടർമാരുടെ പങ്കാളിത്തം ഉണ്ടായിട്ടുണ്ട്. ഇതു കൂടാതെ 11/2016-ന് വോട്ടേർസ് ലിസ്റ്റ് പരിശോധനയ്ക്ക് വേണ്ടി പ്രത്യേക ഗ്രാമസഭയും ചേർന്നിട്ടുണ്ട്. കേരളാ പഞ്ചായത്ത്‌രാജ് നിയമം അനുശാസിക്കും പ്രകാരം ഗ്രാമസഭാ യോഗം ചേരാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി കുടിശ്ശിക ₹1217071

ഗ്രാമപഞ്ചായത്തിന്റെ 31-03-2017-ലെ വസ്തുനികുതി കുടിശ്ശിക ₹12,17,071 യാണ്. ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം വസ്തുനികുതിയിനത്തിൽ പിരിച്ചെടുക്കുവാനുള്ള തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| വസ്തുനികുതി തൻവർഷം കുടിശ്ശിക (ഗാർഹികം) | ₹3,57,763 |
| വസ്തുനികുതി മുൻവർഷങ്ങളിലെ കുടിശ്ശിക (ഗാർഹികം) | ₹8,59,308 |
| ആകെ | ₹12,17,071 |

തനത് ഫണ്ടിലേക്ക് ലഭ്യമാകേണ്ട വസ്തു നികുതി യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. വസ്തു നികുതി പിരിവ് ഊർജ്ജിതമാക്കി

പൂർണ്ണമായും പിരിച്ചെടുക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 വസ്തുനികുതി-രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

1. വസ്തുനികുതി - ക്രമവൽക്കരണം രജിസ്റ്റർ:

കേരള പഞ്ചായത്ത്‌രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2011-ലെ ചട്ടം 137 പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ച് കൊടുക്കുമ്പോൾ, ആയത് അനുബന്ധം-J ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും ഇതുവരെ ഗ്രാമ പഞ്ചായത്ത് ക്രമവൽകൃത രജിസ്റ്റർ സൂക്ഷിക്കാതെ പെർമിറ്റ് രജിസ്റ്ററിൽ തന്നെ ക്രമവൽക്കരണത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. ഇത് ശരിയായ നടപടിയല്ല. ക്രമവൽകരണ ഇനത്തിൽ ₹1,47,419 ലഭിച്ചിട്ടുണ്ടെങ്കിലും രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിന് പരിശോധിക്കാനായില്ല. കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്നതും, ക്രമവൽക്കരണവും സംബന്ധിച്ച് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന രജിസ്റ്ററുകൾ കൃത്യതയോടു കൂടി സൂക്ഷിക്കേണ്ടതും സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

2. അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല:

പഞ്ചായത്ത്‌രാജ് നിയമത്തിലെ വകുപ്പ് 235(എഎ)(4) പ്രകാരം നിയമാനുസൃതമല്ലാതെ കെട്ടിടം നിർമ്മിക്കപ്പെട്ട വസ്തുവിന്റെ സർവ്വേ നമ്പർ, വസ്തു ഉടമയുടെ പേരു വിവരങ്ങൾ, കെട്ടിടത്തിനു നൽകപ്പെട്ട പ്രത്യേക നമ്പർ, കെട്ടിടത്തിനു ചുമത്തിയതും ഈടാക്കിയതുമായ വസ്തു നികുതി വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയ പ്രത്യേക രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ ഇപ്രകാരം രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി റിട്ടേണിൽ വരുമാനം കാണിക്കുന്നില്ല

പാട്യം ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി റിട്ടേണിൽ വരുമാനം കാണിച്ചിട്ടില്ല. ആയതിനാൽ തൊഴിൽ നികുതി നിർണ്ണയത്തിലെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | ക്രിസ്റ്റൽ ഇൻഡസ്ട്രീസ്, വലിയവെളിച്ചം | 2016-17 രണ്ടാം അർദ്ധവർഷം |
| 2 | രമേഷ്ചന്ദ്ര വുഡ് വർക്ക്സ്, കൊട്ടയോടി | 2016-17 ഒന്നും രണ്ടും അർദ്ധവർഷം |

വരുമാനം കാണിക്കാത്തതിനാൽ തൊഴിൽ നികുതി ഇനത്തിൽ വരുമാന നഷ്ടം

ഉണ്ടായിട്ടുണ്ടോ എന്ന് പരിശാധിക്കേണ്ടതും ആയത് ഈടാക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതും ഭാവിയിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കേണ്ടതുമാണ്.

## 2-4 ഡി & ഒ ലൈസൻസ് അപാകങ്ങൾ

ഡി & ഒ ലൈസൻസ് യഥാസമയം പുതുക്കുന്നില്ല:

1996-ലെ കേരള പഞ്ചായത്ത്‌രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു സാമ്പത്തികവർഷവും അവസാനിക്കുന്നതിനു 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഈ ആവശ്യത്തിലേക്കായി സമർപ്പിക്കുന്ന ഭൂരിഭാഗം അപേക്ഷകളും മേൽ സമയക്രമം പാലിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | വാർഡ്/കെട്ടിട നമ്പർ | ആവശ്യം | അപേക്ഷ തീയതി |
|---|---|---|---|---|
| 1 | ചന്ദ്രൻ. എം. | VIII/650 | ഗ്രിൽസ് വർക്ക് | 19-10-2016 |
| 2 | ഇല്ലത്ത് പ്രഭ | III/488 | സോഡ നിർമ്മാണം | 30-06-2016 |
| 3 | സുഭജ. വി.വി. | III/334 | സ്റ്റേഷനറി | 23-09-2016 |
| 4 | സരോജിനി | V/210 | ഹോട്ടൽ | 20-09-2016 |
| 5 | കവുണ്ടുള്ളതിൽയൂസഫ് | VII/369-B | അനാദി | 22-08-2016 |

1994-ലെ പഞ്ചായത്ത്‌രാജ് നിയമത്തിലെ വകുപ്പ് 232(1) പ്രകാരം ലൈസൻസ് കൂടാതെ ഏതൊരാവശ്യത്തിനും സ്ഥലം ഉപയോഗിക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയതിനാൽ ലൈസൻസ് യഥാസമയം പുതുക്കാത്ത സ്ഥാപനങ്ങൾ ഈ കാലയളവിൽ ലൈസൻസില്ലാതെ പ്രവർത്തിച്ചതായി കണക്കാക്കി (ചട്ടം 26) 1994-ലെ പഞ്ചായത്ത്‌രാജ് നിയമത്തിലെ വകുപ്പ് 255 പ്രകാരം ചട്ടങ്ങൾ ലംഘിക്കുന്നതിനുള്ള പിഴ ഈടാക്കാവുന്നതാണ്.

## 2-5 പരസ്യ നികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഒരു ഗ്രാമ പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലെയോ, കെട്ടിടത്തിലെയോ ചുവരിന്മേലോ, പരസ്യപ്പലകയിന്മേലോ, എടുപ്പിൻമേലോ അല്ലെങ്കിൽ അതിനു മുകളിലോ കുത്തനെ നിർത്തുകയോ പ്രദർശിപ്പിക്കുകയോ ഉറപ്പിച്ചു കൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരു പരസ്യത്തിനും 1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 209 പ്രകാരം പരസ്യനികുതി ചുമത്തണമെന്ന് വ്യവസ്ഥയുണ്ട്. പഞ്ചായത്തിന്റെ നിലവിലുള്ള തനതു വരുമാനം വർദ്ധിപ്പിക്കുന്നതിലേക്ക് പരസ്യ നികുതി ഈടാക്കുവാനുള്ള നടപടികൾ

സ്വീകരിക്കേണ്ടതാണ്.

## 2-6 സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം വകുപ്പ് 200(2), 2011-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 26 എന്നിവ അനുസരിച്ച് ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. മേൽ പരാമർശിച്ച ചട്ടം 27, 28, 29 പ്രകാരം പഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ചുമത്തൽ, ഈടാക്കേണ്ട സേവന ഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ, പ്രത്യേക സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കൽ എന്നിവ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇങ്ങനെയുള്ള സേവനങ്ങൾക്ക് ഈടാക്കാവുന്ന സേവന ഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരെയും നടപടികൾ സ്വീകരിച്ചിട്ടില്ല.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കുട, ബാഗ്, നോട്ട് ബുക്ക് മുതലായവ നൽകലിലെ അപാകങ്ങൾ ₹55,805 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നമ്പർ : 35/17

പ്രോജക്ടിന്റെ പേര് : ഒന്നാം ക്ലാസ് പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് കുട, ബാഗ് മറ്റുള്ളവർക്ക് നോട്ട് ബുക്ക്

വകയിരുത്തിയ തുക : ₹ 56,100 (വികസന ഫണ്ട്)

ചെലവ് തുക : ₹ 55,805 ബിൽ നമ്പർ/തീയ്യതി : 28/16-17/30-03-2017

ഗ്രാമ പഞ്ചായത്തിലെ ഒന്നാം ക്ലാസിൽ പഠിക്കുന്ന ഒരു പട്ടിക വർഗ്ഗ വിദ്യാർത്ഥിക്ക് കുട, ചെരുപ്പ്, ബാഗ്, പേന, പെൻസിൽ എന്നിവയ്ക്ക് ₹800 യും നോട്ട് ബുക്ക്, സ്റ്റേഷനറി എന്നിവയ്ക്ക് ₹300 യും ഉൾപ്പെടെ ₹1100 വീതം 26 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ₹28,600 യുടെ സാധനങ്ങളും എൽ.പി വിഭാഗത്തിലെ 49 വിദ്യാർത്ഥികൾക്ക് നോട്ട് ബുക്ക്, സ്റ്റേഷനറി എന്നിവയ്ക്ക് ₹300 യുടെ സാധനങ്ങളും സ്റ്റേഷനറികളും നൽകുന്നതിനാണ് ഈ

പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. ഇതു പ്രകാരം അനു ഏജൻസീസ്, ചെക്കിക്കുളം, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും താഴെപ്പറയുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | എണ്ണം | വില |
|---|---|---|---|
| 1 | കുട | 26 | 5954 |
| 2 | ബാഗ് | 26 | 10270 |
| 3 | ചെരുപ്പ് | 26 | 3744 |
| 4 | പേന | 214 | 1926 |
| 5 | പെൻസിൽ | 104 | 364 |
| 6 | സ്കെയിൽ | 81 | 1944 |
| 7 | റബ്ബർ | 79 | 316 |
| 8 | നോട്ട് ബുക്ക് (വരഞ്ഞത്) | 340 | 8160 |
| 9 | നോട്ട് ബുക്ക് (വരയാത്തത്) | 724 | 17376 |
| 10 | ബോക്സ് | 81 | 3564 |
| 11 | പൊതിയുന്ന പേപ്പർ റോൾ | 81 | 2187 |
| | ആകെ | | 55805 |

മേൽ പദ്ധതി പ്രകാരമുള്ള പഠനോപകരണങ്ങൾ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് 107 വിദ്യാർത്ഥികളുടെ പേര്, അഡ്മിഷൻ നമ്പർ, ക്ലാസ് എന്നിവ രേഖപ്പെടുത്തിയ ഒരു ലിസ്റ്റ് മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. മേൽപ്പറഞ്ഞ പഠനോകരണങ്ങൾ മുഴവൻ വിദ്യാർത്ഥികൾക്കും ലഭ്യമായിട്ടുണ്ട് എന്ന് ഉറപ്പു വരുത്താനുള്ള രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹55,805 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 പച്ചക്കറി വിത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹20,700 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പ്രോജക്ട് നമ്പർ : 50/17

പ്രോജക്ടിന്റെ പേര് : പച്ചക്കറി വിത്തു വിതരണം (വനിത)

വകയിരുത്തിയ തുക : ₹ 20,700 (വികസന ഫണ്ട്)

ചെലവു തുക : ₹ 20,700 ബിൽ നമ്പർ/തീയ്യതി : 4/16-17/22-02-2017

പച്ചക്കറി വിത്തു വിതരണം (വനിത) എന്ന മേൽ പ്രോജക്ട് പ്രകാരം 414 ഗുണഭോക്താക്കൾക്ക് സൗജന്യമായി പച്ചക്കറി വിത്തു വിതരണം ചെയ്യുന്നതിനായി പച്ചക്കറി വിത്തുകൾ (കിറ്റൊന്നിന് ₹50) വാങ്ങിയതിന് ₹20,700 VFPCK, സീഡ് പ്രൊസസിംഗ് പ്ലാന്റ്, ആലത്തൂർ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ പച്ചക്കറി വിത്തു ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ, പച്ചക്കറി വിത്ത് സ്റ്റോക്കിലെടുത്തതിന്റെ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹20,700 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 നെൽ വിത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹18,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പ്രോജക്ട് നമ്പർ : 48/17

പ്രോജക്ടിന്റെ പേര് : നെൽകൃഷി വികസനം

വകയിരുത്തിയ തുക : ₹ 19,500 (വികസന ഫണ്ട്)

ചെലവു തുക : ₹ 18,000 (ബിൽ നമ്പർ/തീയ്യതി : 3/16-17/22-02-2017)

നെൽകൃഷി വികസനം എന്ന മേൽ പ്രോജക്ട് പ്രകാരം 50 ഗുണഭോക്താക്കൾക്ക് സൗജന്യമായി നെൽവിത്ത് വിതരണം ചെയ്യുന്നതിനായി 600kg നെൽവിത്തുകൾ (കിലോഗ്രാമിന് ₹30) വാങ്ങിയതിന് ₹18,000 സ്റ്റേറ്റ് സീഡ് ഫാം, വേങ്ങാട് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നെൽവിത്തുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ, നെൽവിത്തുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹18,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 അലോപ്പതി/ഹോമിയോ മരുന്നുകൾ ഇതുവരെയും ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ, PHC, പാട്യം നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മരുന്ന് വാങ്ങൽ എന്ന പ്രോജക്ടു പ്രകാരമുള്ള മരുന്നുകൾ ഇതുവരെയും ലഭിച്ചിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

1. പെയിൻ & പാലിയേറ്റീവ്:

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, PHC, പാട്യം

പ്രോജക്ട് നമ്പർ : 43/17

പ്രോജക്ടിന്റെ പേര് : പെയിൻ & പാലിയേറ്റീവ്

വകയിരുത്തിയ തുക : ₹6,10,000 (വികസന ഫണ്ട്)

ചെലവു തുക : ₹1,10,000 (ബിൽ നമ്പർ/തീയ്യതി: 8/16-17/14-03-2017)

പെയിൻ & പാലിയേറ്റീവ് പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി ₹1,10,000 തിരുവനന്തപുരത്തുള്ള KMSCL-ന് നൽകിയിട്ടുണ്ട്. എന്നാൽ 18-07-2017-ന് ₹54,721 യുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ₹55279 യുടെ മരുന്നുകൾ ഇതുവരെയും ലഭ്യമായിട്ടില്ല. ബാക്കി മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. പാട്യം PHC ക്ക് മരുന്ന് വാങ്ങൽ:

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, PHC, പാട്യം

പ്രോജക്ട് നമ്പർ : 44/17

പ്രോജക്ടിന്റെ പേര് : പാട്യം PHC ക്ക് മരുന്ന് വാങ്ങൽ

വകയിരുത്തിയ തുക : ₹ 1,00,000 (മെയിന്റനൻസ് ഫണ്ട് –റോഡിതരം)

ചെലവു തുക : ₹ 1,00,000 (ഡിമാന്റ് ഡ്രാഫ്റ്റ് നമ്പർ/തീയ്യതി: 5977420/04-02-2017)

പാട്യം PHC ക്ക് മരുന്ന് വാങ്ങൽ എന്ന മേൽ പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി ₹1,00,000 തിരുവനന്തപുരത്തുള്ള KMSCL ന് നൽകിയിട്ടുണ്ട്. എന്നാൽ ഇതുവരെയും മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ:

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, PHC, പാട്യം

പ്രോജക്ട് നമ്പർ : 113/17

പ്രോജക്ടിന്റെ പേര് : ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ

വകയിരുത്തിയ തുക : ₹95,000 (മെയിന്റനൻസ് ഫണ്ട് –റോഡിതരം)

: ₹55,000 (തനത് ഫണ്ട്)

ആകെ : ₹1,50,000

ചെലവു തുക : ₹ 95,000 ബിൽ നമ്പർ/തീയതി : 4/16-17/11-01-2017

: ₹ 55,000 ചെക്ക് നമ്പർ/തീയതി : 1677417/19-12-2016

ആകെ : ₹1,50,000

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന മേൽ പ്രോജക്ട് പ്രകാരം ₹1,50,000 കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസിക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇതുവരെയും മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 തെരുവു നായകളുടെ പ്രജനന നിയന്ത്രണം -വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സീനിയർ വെറ്ററിനറി സർജൻ

പ്രൊജക്ട് നമ്പർ : 119/17

പ്രൊജക്ടിന്റെ പേര് : ABC പദ്ധതി വിഹിതം കൈമാറൽ

അടങ്കൽ തുക : ₹1,00,000 (തനത് ഫണ്ട്)

ചെലവ് തുക : ₹1,00,000 (ചെക്ക് നമ്പർ/തീയ്യതി : 1677428/20-01-2017)

കണ്ണൂർ ജില്ലാ പഞ്ചായത്ത് ജില്ലയിലെ മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ശാസ്ത്രീയമായ രീതിയിൽ തെരുവു നായ പ്രജനന നിയന്ത്രണ (ABC-ARV) പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി തെരുവ് നായ്ക്കളുടെ എണ്ണം കുറച്ച് തെരുവ് നായ വിമുക്ത പഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിക്കാൻ കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് വിഹിതം നൽകുന്നതിന് വേണ്ടി തയ്യാറാക്കിയ മേൽ പദ്ധതി പ്രകാരം ₹1,00,000 കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-6 IAY ബ്ലോക്ക് പഞ്ചായത്തിന് അധിക വിഹിതം നൽകൽ (പട്ടിക ജാതി) വിനിയോഗവിവരം ലഭ്യമായിട്ടില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ IAY അധിക

വിഹിതം നൽകൽ (പട്ടികജാതി) IAY അധിക വിഹിതം നൽകൽ (പട്ടികവർഗ്ഗ) എന്നീ പ്രോജക്ടുകൾ പ്രകാരം കുത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിന് താഴെപ്പറയും പ്രകാരം നൽകിയ തുകകളുടെ വിനിയോഗ വിവരം പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

| പ്രോജക്ട് നമ്പർ/പേര് | വകയിരുത്തിയ തുക ₹ | ചെലവു തുക ₹ | ബിൽ നമ്പർ തീയ്യതി |
|---|---|---|---|
| 156/17<br>IAYഅധിക വിഹിതം നൽകൽ<br>പട്ടിക ജാതി | ₹50,000<br>വികസന ഫണ്ട് SCP | ₹50,000 | 6/16-17/ 27-02-2017 |
| 157/17<br>IAYഅധിക വിഹിതം നൽകൽ<br>പട്ടിക വർഗ്ഗം | ₹27,000<br>വികസന ഫണ്ട് ജനറൽ<br>₹1,82,500<br>വികസന ഫണ്ട് TSP<br>₹3,000<br>തനത് ഫണ്ട്<br>ആകെ : ₹2,12,500 | ₹27,000<br>₹1,45,000<br>₹37,500<br>₹3,000<br>ആകെ:₹2,12,500 | 4/16-17/ 27-02-2017<br>5/16-17/ 27-2-2017<br>26/16-17/ 30-03-2017 |

മേൽ തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 3-7 ജവഹർ ഭവന പദ്ധതി-ഭവന നിർമാണം പൂർത്തിയാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ, പാട്യം

2015-16 വർഷം ആരംഭിച്ച ജവഹർ ഭവന പദ്ധതി (പ്രോജക്ട് നമ്പർ 45/16) എന്ന പ്രോജക്ട് 2016-17 വർഷവും (പ്രോജക്ട് നമ്പർ 10/17) പൂർത്തിയാക്കിയിട്ടില്ല. ഗുണഭോക്താക്കൾക്ക് ആകെ ₹2,00,000 യാണ് ധനസഹായം അനുവദിക്കേണ്ടത്. താഴെ പറയുന്ന ഗുണഭോക്താക്കൾ ധനസഹായം കൈപ്പറ്റിയ ശേഷം ഭവന നിർമാണം പൂർത്തിയാക്കാത്ത അവസ്ഥയാണുള്ളത്. 2015-16 വർഷം തുടങ്ങി ഇതുവരെയും ഭവന നിർമാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഭവന നിർമാണം പൂർത്തിയാക്കാത്തവരുടെ പേരു വിവരം | ആരംഭിച്ച വർഷം | ഇതുവരെ കൈപ്പറ്റിയ തുക ₹ |
|---|---|---|---|
| 1 | പുഷ്പജ. എ. കെ, ആശാരിക്കണ്ടിയിൽ, പാട്യം. | 2015-16 | 140000 |
| 2 | ഷീജരമേശൻ, കീരൻ കാരായി, ചെറുവാഞ്ചേരി. | 2015-16 | 140000 |

| | | | |
|---|---|---|---|
| 3 | ജാനു പി.പി, പുത്തൻപുരയിൽ, ചെറുവാഞ്ചേരി. | 2015-16 | 80000 |
| 4 | ശ്രീദേവി.വി.പി, വാഴവെച്ചപറമ്പത്ത്, കോങ്ങാറ്റ | 2015-16 | 180000 |

മേൽ ഗുണഭോക്താക്കൾ ഭവന നിർമാണം പൂർത്തീകരിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 ലൈബ്രറി സെസ്സ് യഥാസമയം ഒടുക്കുന്നില്ല

2016-17 വർഷം ലൈബ്രറി സെസ്സിനത്തിൽ ₹1,37,541 വരവുണ്ട്, സർക്കുലർ നമ്പർ 10088/L3/05/LSGD/ 20-09-2005 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സിനത്തിൽ പിരിച്ചെടുക്കുന്ന തുക രണ്ട് ഗഡുക്കളായി (ആദ്യ ഗഡു ഏപ്രിൽ 30-നകവും രണ്ടാം ഗഡു നവമ്പർ 30-നകം) ഒടുക്കേണ്ടതാണ്. ഇങ്ങനെ ഒടുക്കു വരുത്തുന്നതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽ നിന്നും ഈടാക്കുന്നതുമാണ്. ലൈബ്രറി സെസ്സിനത്തിൽ പിരിച്ചെടുത്ത ₹1,37,541 ഒടുക്കു വരുത്താനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 എസ്.എസ്.എ വിഹിതം കൈമാറൽ -ഇനംതിരിച്ചുള്ള വിനിയോഗ വിവരം ലഭ്യമായിട്ടില്ല

സർവ്വ ശിക്ഷ അഭിയാൻ, കണ്ണൂർ തയ്യാറാക്കിയ 2016-17-ലെ ആന്വൽ വർക്ക് പ്ലാൻ & ബജറ്റ് പ്രകാരം പാട്യം ഗ്രാമപഞ്ചായത്ത് വിഹിതമായി നൽകേണ്ടിയിരുന്നത് ₹9,96,214 യാണ്. എന്നാൽ എസ്.എസ്.എ വിഹിതം കൈമാറൽ എന്ന താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരം ആകെ ₹7,87,728 യാണ് എസ്.എസ്.എ, കണ്ണൂർ ജില്ലാ പ്രോജക്ട് ഓഫീസർക്ക് നൽകിയിട്ടുള്ളത്. ₹7,87,728 മുഴുവനായും വിനിയോഗിച്ചതായി 20-04-2017-ന് നൽകിയ വിനിയോഗ സാക്ഷ്യപത്രത്തിൽ ജില്ലാ പ്രോജക്ട് ഓഫീസർ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ആന്വൽ വർക്ക് പ്ലാൻ & ബജറ്റ് അനുസരിച്ചുള്ള ഏതൊക്കെ പ്രവൃത്തികൾക്കാണ് ₹7,87,728 വിനിയോഗിച്ചിട്ടുള്ളത് എന്ന വിവരം ലഭ്യമായിട്ടില്ല.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ | |
|---|---|---|
| പ്രോജക്ട് നമ്പർ | 18/17 | 117/17 |
| പ്രോജക്ടിന്റെ പേര് | എസ്.എസ്.എ. വിഹിതം കൈമാറൽ | എസ്.എസ്.എ. വിഹിതം കൈമാറൽ |
| വകയിരുത്തിയ തുക | ₹7,13,926 (വികസന ഫണ്ട്) | ₹73,802 (വികസന ഫണ്ട്- TSP) |

| | | |
|---|---|---|
| ചെലവു തുക | ₹7,13,926 | ₹73,802 |
| ബിൽ നമ്പർ/തീയ്യതി | 2/16-17/3-11-2016 | 1/16-17/3-11-2016 |

## 3-10 സാമൂഹ്യ സുരക്ഷാമിഷന് സംഭാവന വിനിയോഗവിവരം ലഭ്യമായിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നമ്പർ : 147/17

പ്രോജക്ടിന്റെ പേര് : സാമൂഹ്യ സുരക്ഷാമിഷന് സംഭാവന

വകയിരുത്തിയ തുക : ₹1,00,000 (വികസന ഫണ്ട്)

ചെലവു തുക : ₹1,00,000 ബിൽ നമ്പർ/തീയ്യതി : 19/16-17/22-02-2017

സ.ഉ(സാധാ)നം.1209/2013/തസ്വഭവ/06-05-2013 ഉത്തരവനുസരിച്ച് സാമൂഹ്യ സുരക്ഷാമിഷന് സംഭാവന നൽകൽ എന്ന പ്രോജക്ട് പ്രകാരം ₹1,00,000 എക്സിക്യൂട്ടീവ് ഡയറക്ടർ, സാമൂഹ്യ സുരക്ഷാമിഷന് നൽകിയിട്ടുണ്ട്. എന്നാൽ ₹1,00,000 യുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ രേഖകൾ ഹാജരാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രോജക്ട് നമ്പർ/ പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ തീയ്യതി | തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| KSEB | 128/17 പാട്യം ഗ്രാമ പഞ്ചായത്ത് സമ്പൂർണ്ണ വൈദ്യുതീകരണം | 21601174 13-3-2017 | 504402 | 504402 | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന നിർമ്മാണ ധനസഹായം | ജി.ഒ.(എം.എസ്) 207/2009 ത.സ്വ.ഭ.വ 7-11-2009 | 66,25,000 | 26,50,000 | 6,62,500 | - | 19,87,500 |
| ഇ.എം.എസ് ഭവന നിർമ്മാണ ധനസഹായം രണ്ടാം ഘട്ടം | ജി.ഒ.(എം.എസ്) 6369/DB1/13 ത.സ്വ.ഭ.വ 12-11-2013 | 47,00,000 2,20,000 (തൻവർഷം) | 32,37,500 + 2,20,000 (തൻവർഷം) | 15,46,559 | 6,00,000 | 13,10,941 |
| | | | | | ആകെ | 32,98,441 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹20000 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | ₹20000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹20000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|

| | |
|---|---|
| മലബാർ ടൂറിസം ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, കണ്ണൂർ.<br>(ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 4444/15-05-2015) | ₹20000 |
| ആകെ | ₹20000 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച ₹32,784 യുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേര് | രശീതി നമ്പർ തീയ്യതി |
|---|---|---|---|---|
| 2010-11, 2011-12 | 3-8 (10,22) | 3488 | കെ. സുധാകരൻ | 11604100034/2-4-2016 |
| | 3-8 (27,28,30,31) | 9788 | സെക്രട്ടറി, MALCOS | 11604102344/21-7-2016 |
| | 3-7 (3,5,6) | 5895 | ടി. കെ. മോഹനൻ, അസി. എഞ്ചിനീയർ (Rtd) | 11604102600/5-8-2016 |
| | 3-8 (14,15,29) | 2026 | ടി. കെ. മോഹനൻ, അസി. എഞ്ചിനീയർ (Rtd) | 11604102601/5-8-2016 |
| 2012-13 | 3-1 | 465 | ബീനാകുമാരി, എൽ.ഡി.സി. | 11604101303/1-1-2016 |
| | 3-14 | 5107 | സെക്രട്ടറി, MALCOS | 11604102345/21-7-2016 |
| | 3-14 (3) | 2213 | ടി. കെ. മോഹനൻ, അസി. എഞ്ചിനീയർ (Rtd) | 11604102602/5-8-2016 |
| 2013-14 | 3-1 | 1112 | സുരേന്ദ്രൻ | 11604105777/21-12-2016 |
| 2015-16 | 2-3 | 200 | സജിത്ത്. ഇ.പി. | 11604108013/2-3-2017 |

| | | | | |
|---|---|---|---|---|
| | 2-3 | 200 | സജിത്ത്. ഇ.പി. | 11604108014/2-3-2017 |
| | 2-3 | 200 | കെ. പത്മനാഭൻ. | 11604107995/2-3-2017 |
| | 2-3 | 150 | എം.സി. അശോകൻ | 11604108009/2-3-2017 |
| | 2-3 | 1700 | സീന പുരുഷോത്തമൻ | 11604108152/8-3-2017 |
| | 2-2 | 180 | പ്രിൻസിപ്പാൾ,<br>എംജി കോളജ്, ചെണ്ടയാട്. | 11604108790/30-3-2017 |
| | 2-2 | 60 | സെക്രട്ടറി, ഗുരുബാബ ചാരിറ്റബിൾ<br>സൊസൈറ്റി | 11604108791/30-3-2017 |
| | ആകെ | 32784 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹4,48,29,617 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹4,41,75,489 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹94505 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക മ്പർ | തുക | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 3-1 | 55,805 | ശ്രീ. ഉഷ. എം, അസിസ്റ്റന്റ് സെക്രട്ടറി |
| 3-2 | 20,700 | ശ്രീ. പ്രമോദ്. എസ്, കൃഷി ഓഫീസർ |
| 3-3 | 18,000 | ശ്രീ. പ്രമോദ്. എസ്, കൃഷി ഓഫീസർ |
| ആകെ | 94,505 | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ് ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | എൽ.എഫ്/ഡി2/536(എ)/08/28-07-08 | 3 |
| 2003-04 | എൽ.എഫ്/ഡി2/536(ബി)/08/28-07-08 | 2 |
| 2004-05 | എൽ.എഫ്/ഡി2/536(സി)/08/28-07-08 | 1 |
| 2005-06 | എൽ.എഫ്/ഡി2/536(ഡി)/08/28-07-08 | 2 |

| | | |
|---|---|---|
| 2006-07 | എൽ.എഫ്/കെ.എൻ.ആർ/സി6/9892011/ 04-10-2012 | 15 |
| 2007-08 | എൽ.എഫ്/കെ.എൻ.ആർ/സി2/59/10/ 13-02-2010 | 26 |
| 2008-09 | എൽ.എഫ്/കെ.എൻ.ആർ/സി6/1608/11/ 23-11-2012 | 17 |
| 2009-10 | എൽ.എഫ്/കെ.എൻ.ആർ/സി6/1609/ 2011/23-11-2012 | 21 |
| 2010-11<br>2011-12 | എൽ.എഫ്/കെ.എൻ.ആർ/സി10/724/13/ 28-09-2013 | 12 |
| 2012-13 | എൽ.എഫ്/കെ.എൻ.ആർ/സി10/978/15/ 01-03-2016 | 17 |
| 2013-14<br>2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി10/1384/16/ 06-08-2016 | 18 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി.8/2224/ 2016/07-01-2017 | 14 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ/കെ.എൻ.ആർ/സി.8/1309/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
ഫോൺ : 0497 2707698
ഇ-മെയിൽ :doknr.ksad@kerala.gov.in
തീയ്യതി : 25-08-2017.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ് 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ 215-ാം, വകുപ്പ് ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ പാട്യം

ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പാട്യം ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## APPENDIX 1

No. KSA/KNR/C8/1309/2017.

Kerala State Audit Department,
District Audit Office, Kannur,

Phone : 0497 2707698

E-mail:doknr.ksad@kerala.gov.in

Date : 25-08-2017.

Certified that I have audited the Annual Financial Statement of Pattiam Grama Panchayat in Kannur District for the year ended on 31-03-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion,the Financial Statements of Pattiam Grama panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director,

District Audit Office, Kannur.

## അനുബന്ധം-2

# RECEIPT AND PAYMENT STATEMENT OF PATTIAM GRAMA PANCHAYAT FOR THE PERIOD FROM 1-4-2016 TO 31-3-2017

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 22099708<br>58241 |
| | Receipts | | |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1007140 |

| | | | |
|---|---|---|---|
| 130000000 | Rental Income from Panchayat Properties | RP-3 | 800 |
| 140000000 | Fees & User Charges | RP-4 | 1071162 |
| 150000000 | Sale & Hire Charges | RP-5 | 92626 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 11359254 |
| 171000000 | Interest Earned | RP-9 | 218460 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 27009826 |
| 350000000 | Other Liabilities | RP-36 | 29902 |
| Non operating | | | |
| 180000000 | Other Income | RP-10 | 7 |
| 340000000 | Earmarked Fund | RP-29 | 14008 |
| 350000000 | Deposits Received | RP-34 | 14200 |
| 431000000 | Other Liabilities | RP-36 | 289830 |
| 460000000 | Sundry Debtors (Receivables) | RP-43 | 3088652 |
| 460000000 | Loans,Advances and Deposits | RP-47 | 633750 |
| Grand Total | | | 66987566 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 3227158 |
| 220000000 | Administrative Expenses | RP-12 | 606083 |
| 230000000 | Operations & Maintenance | RP-13 | 1282754 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 2954100 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 13332396 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 196500 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 451058 |
| 254000000 | Expense of Transferrred Institutions & State Spon. Schems | RP-19 | 919760 |
| 255000000 | Maintance Projects | RP-20 | 3161663 |
| 256000000 | Other Revenue Grants and Funds- Revenue Expenses | RP-21 | 153330 |
| 260000000 | Grants Contributions and Compensations from OwnFund | RP-22 | 9677 |
| 280000000 | Prior Perid Items | RP-26 | -10606 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 298460 |
| 350000000 | Othes Liabilities | RP-36 | 4388349 |
| Non Operating | | | |
| 240000000 | Interest and Finance Charges | RP-14 | 776 |
| 280000000 | Prior Period Item | RP-26 | -780 |
| 311000000 | Earmarked Funds | RP-29 | 34500 |
| 340000000 | Deposits Received | RP-34 | 2809059 |
| 350000000 | Other Liabilities | RP-36 | 1623007 |
| 410000000 | Fixed Assets | RP-38 | 1788567 |
| 412000000 | Capital Work in Progress | RP-40 | 6172666 |
| 460000000 | Loans, Advances and Deposits | RP-47 | 765994 |

| | | | |
|---|---|---|---|
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 22785688<br>26389 |
| Grand Total | | | 66987566 |

# അനുബന്ധം-3

# INCOME AND EXPENDITURE STATEMENT OF PATTIAM GRAMA PANCHAYAT FOR THE PERIOD FROM 01-04-2016 TO 31-03-2017

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 3703868 |
| 130000000 | Rental Income from panchayat properties | I-3 | 104720 |

| | | | |
|---|---|---|---|
| 140000000 | Fees & User Charges | I-4(b) | 1133852 |
| 150000000 | Sale & Hire Charges | I-5(b) | 92626 |
| 160000000 | Revenue Grants, Funds, Contributions and Compensations | I-6 | 88527401 |
| 171000000 | Interest Earned | I-8 | 218460 |
| 180000000 | Other Income | I-9 | 7 |
| A | Total Income | | 93780934 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8441734 |
| 220000000 | Administrative Expenses | I-11(b) | 613081 |
| 230000000 | Operations & Maintenance | I-12(b) | 1282754 |
| 240000000 | Interest & Finance Charges | I-13 | 776 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 8381852 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 24260128 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 196500 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 671058 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 46547130 |
| 255000000 | Maintance Projects | I-14(e) | 3161663 |
| 256000000 | Other Revenue Grants and Funds Revenue Expenses | I-15(a) | 153330 |
| 260000000 | Grants, Contributions and Compensations from Own Fund | I-15 | 9677 |

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(a) | 14026665 |
| B | Total Expenditure | | 107746348 |
| C=A-B | Gross Surplus / Defict Income over Expenditure | | -13965414 |
| D= 280000000 | Prior Period Item | I-18 | 139386 |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | -14104800 |
| | Net Balance being Surplus/Defict carried over to Balance Sheet (Panchayat Fund) | | |

## അനുബന്ധം-4

# BALANCE SHEET OF PATTIAM GRAMA PANCHAYAT AS ON 31-03-2017

| Code No | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |

| | | | |
|---|---|---|---|
| 310000000 | Panchayat Fund | B-1 | -492351.51 |
| 311000000 | Earmarked Funds | B-2 | 43807 |
| 312000000 | Reserves | B-3 | 55067820 |
| | Total Reserve & Surplus | | 54619275 |
| | Grants , Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 2834234 |
| | Total Grants,Contribution for specific purposes | | 2834234 |
| | Loans | | |
| 330000000 | Secured Loans | B-5 | 3298441 |
| | Total loans | | 3298441 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 788587 |
| 350000000 | Other Liabilities | B-9 | 1502699.11 |
| | Total Current Liabilities and Provisions | | 2291286.11 |
| | TOTAL LIABILITIES | | 63043236 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 60004098 |
| 411000000 | Accumulated Depreciation | B-11 | -24247723 |
| 412000000 | Capital Work In Progress | B-11(a) | 0 |

| | | | |
|---|---|---|---|
| | Total Fixed Assets | | 35756375 |
| | Investments | | |
| 420000000 | Investments | B-12 | 20000 |
| | Total Investments | | 20000 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 1156343.6 |
| 440000000 | Pre-paid Expenses | B-16 | 3298441 |
| 450000000 | Cash and Bank balance | B-17 | 22812077 |
| 460000000 | Loans, Advances and Deposits | B-18 | 0 |
| | Total Current Assets,Loans and Advances | | 27266861.6 |
| | TOTAL ASSETS | | 63043236.6 |